Draft #3 of File 18645/AD A1/2/2019/AD A 1 Approved by JOINT REGISTRAR I (ADMIN) on 03-Feb-2020 03:13 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

<u>സംഗ്രഹം</u>

ഭരണകാര്യം - ഫിനാൻസ് ഓഫീസറുടെ കാര്യാലയം - സെക്ഷൻ രൂപീകരണം - അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 625/AD A1/2020/എം.ജി.യു — പ്രിയദർശിനി ഹിൽസ്,തീയതി: 03.02.2020

---

*പരാമർശം:*-1. ഫിനാൻസ് ഓഫീസറുടെ 01.02.2020-ലെ കുറിപ്പ്.
2. 03.02.2020-ലെ വൈസ് ചാൻസലറുടെ കുറിപ്പ് നം. വി.സി.702/01/016/2020.
3. സർക്കുലർ നം. Ad.A1-3-246/2016 തിയതി 31.05.2016.

<u>ഉത്തരവ്</u>

സർവ്വകലാശാലയിലെ എല്ലാ ബ്രാഞ്ച് ഓഫീസുകളോടും അനുബന്ധിച്ച് സെക്ഷൻ പ്രവർത്തിക്കുന്നുണ്ടെന്നും, എന്നാൽ ഫിനാൻസ് ഓഫീസറുടെ കാര്യാലയത്തിൽ അത്തരം ഒരു സെക്ഷൻ നാളിതുവരെ രൂപീകരിച്ചിട്ടില്ല എന്നും, അതീവ രഹസ്യ സ്വഭാവം സൂക്ഷിക്കേണ്ട ബജറ്റ് തയ്യാറാക്കൽ മറ്റൊരു സെക്ഷനിലാണെന്നും ആയതിനാൽ ഫിനാൻസ് ഓഫീസറുടെ കാര്യാലയത്തിൽ ഒരു സെക്ഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ചുകൊണ്ട് ഫിനാൻസ് ഓഫീസർ പരാമർശം (1) പ്രകാരം കുറിപ്പ് നൽകിയിരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്റ്റാറ്റ്യൂട്ട്സ് 1997, അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ട് 48 (3) (b) പ്രകാരം സർവ്വകലാശാലയുടെ വാർഷിക കണക്കും ബജറ്റും തയ്യാറാക്കേണ്ടതും ആയത് സിൻഡിക്കേറ്റിൽ സമർപ്പിക്കേണ്ടതും ഫിനാൻസ് ഓഫീസറുടെ നേരിട്ടുള്ള ഉത്തരവാദിത്തമാണ്. അതീവ രഹസ്യ സ്വഭാവമുള്ള ബജറ്റ്, അനുബന്ധ ജോലികൾ നിലവിൽ നിർവ്വഹിക്കുന്നത് ഫിനാൻസ് 4 എന്ന സെക്ഷനിലാണ്. സംസ്ഥാന സർക്കാർ ധനകാര്യ വകുപ്പിൽ ബജറ്റ്, അനുബന്ധ ജോലികൾ സീക്രട്ട് വിംഗ് മുഖേനയാണ് നിർവ്വഹിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മേൽ സൂചിപ്പിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ, താഴെ പരാമർശിക്കുംവിധമുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കിക്കൊണ്ട് വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ഫിനാൻസ് 4 സെക്ഷൻറെ പേര് ബജറ്റ് (കോൺഫിഡൻഷ്യൽ) സെക്ഷൻ എന്ന് പുനർനാമകരണം ചെയ്യുന്നു. ഫിനാൻസ് 4 സെക്ഷൻ ഓഫീസറുടെ തസ്തിക ഫിനാൻസ് ഓഫീസറുടെ കാര്യാലയത്തിലേക്ക് മാറ്റിയിരിക്കുന്നു.
2. സർവ്വകലാശാല ബജറ്റ്, അനുബന്ധ ജോലികൾ ടി സെക്ഷൻറെ പരിധിയിലേക്ക് മാറ്റിയിരിക്കുന്നു. നിലവിൽ ഫിനാൻസ് 4-ൽ നിർവ്വഹിക്കുന്ന മറ്റ് ജോലികൾ ഓഡിറ്റ് 5 സെക്ഷന് താൽക്കാലികമായി നൽകിയിരിക്കുന്നു. ഫിനാൻസ് 4-ലെ അസിസ്റ്റൻറ് സെക്ഷൻ ഓഫീസർ ശ്രീ. ഹിലാൽ കെ-യെ ഓഡിറ്റ് 5 സെക്ഷനിലേക്ക് സ്ഥലം മാറ്റി നിയമിച്ചിരിക്കുന്നു.
3. ഇ.ഐ. 4 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീ. അഭിലാഷ് സെബാസ്റ്റ്യൻ-നെ ബജറ്റ് (കോൺഫിഡൻഷ്യൽ) സെക്ഷൻറെ സെക്ഷൻ ഓഫീസറായി നിയമിച്ചിരിക്കുന്നു. ബജറ്റ് അനുബന്ധ ജോലികൾക്ക് പുറമെ ഫിനാൻസ് ഓഫീസറുടെ ഓഫീസിൻറെ ചുമതലകളും ടി സെക്ഷൻറെ പരിധിയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.
4. ഫിനാൻസ് 4 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീമതി. ബിന്ദു എസ്.കെ.-യെ, ഇ.ഐ. 4 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരിക്കുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സ്ഥലംമാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

കോമളവല്ലി കെ

ജോയിന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട വ്യക്തികൾ / സെക്ഷനുകൾ
2. വൈസ് ചാൻസിലർ, പ്രൊ വൈസ് ചാൻസിലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.മാർ
4. അസിസ്റ്റൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/ജോയിൻറ് രജിസ്ട്രാർ (ഭരണം/പരീക്ഷ/അക്കാദമികം/ധനകാര്യം)
5. ജോയിൻറ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ്, എം.ജി. യൂണിവേഴ്സിറ്റി
6. പി.ആർ.ഒ./കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ഐ.ക്യു.എ.സി./CITAD
7. റെക്കോർഡ്സ്/സ്റ്റോക്ക് ഫയൽ/ഡേ ഫയൽ/ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #3 of File 18645/AD A1/2/2019/AD A 1 Approved by JOINT REGISTRAR I (ADMIN) on 03-Feb-2020 03:13 PM - Page 2